കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - 05.07.2017 തീയതിയിലെ സ.ഉ.(സാധാ) നം.2263/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിനെതിരെ ശ്രീ.അനുജൻ സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.728/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 17.03.2018.**

---

പരാമർശം: 1) സ.ഉ.(സാധാ) നം.2263/2017/ത.സ്വ.ഭ.വ തീയതി 05.07.2017.

2) ശ്രീ.അനുജൻ സമർപ്പിച്ച റിവ്യൂ ഹർജി.

3) ഗ്രാമവികസന കമ്മീഷണറുടെ 26.02.2018-ലെ 8023/എസ്റ്റാ.സി3/16/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

2005-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ടെണ്ണൽ കേന്ദ്രത്തിലെ ലൈറ്റ് ആന്റ് സൗണ്ട് ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.എം.അനുജന്റെ ബാധ്യതയായി നിശ്ചയിച്ച 17,000/- രൂപ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീമതി ഉഷ, ഹെഡ് ക്ലാർക്ക് ശ്രീ.അനുജൻ, ക്ലാർക്ക് ശ്രീ.സുധീർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കാൻ പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് ശ്രീ.അനുജനെ മേൽ പറഞ്ഞ ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്. പരാമർശം (2) പ്രകാരം ശ്രീ.അനുജൻ റിവ്യൂ ഹർജി സമർപ്പിച്ചിരുന്നു.

പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിന്മേൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിയിട്ടുള്ളതും ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് കൂടുതൽ തെളിവുകൾ ശ്രീ.അനുജൻ നിലവിൽ ഹാജരാക്കിയിട്ടില്ലാത്തതുമായ സാഹചര്യത്തിൽ ടിയാൻ സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ശ്രീ.അനുജൻ എം., മുത്തേടത്ത് മന, വിയ്യൂർ, തൃശ്ശൂർ - 680 010.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Geetha

സെക്ഷൻ ഓഫീസർ